**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 40** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>സഹകരണമേഖലയുടെ സമഗ്രമായ വികസനത്തിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സുധീർഷാ പാലോട്
ശ്രീ. ആര്യാടൻ ഷൗക്കത്ത്
ശ്രീ. എം. ആർ. ബൈജു

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സഹകരണ മേഖലയുടെ സമഗ്രമായ വികസനത്തിന് ആസൂത്രണം ചെയ്തിട്ടുള്ള നടപടികളും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കേരളത്തിലെ സഹകരണ മേഖല വളരെ ശക്തവും വൈവിധ്യപൂർണ്ണവുമാണ്. ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച സഹകരണ മാതൃകകളിൽ ഒന്നായി ഇത് കണക്കാക്കപ്പെടുന്നു. 1969-ലെ കേരള സഹകരണ സംഘം നിയമപ്രകാരം പ്രവർത്തിക്കുന്ന ഈ മേഖല, സാധാരണക്കാരുടെ ജീവിതവുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ വരുന്ന ഹ്രസ്വകാല-ദീർഘകാല വായ്പ മേഖലയിലെ പ്രാഥമിക സഹകരണ സംഘങ്ങൾ, ഭവന നിർമ്മാണം, ആരോഗ്യം, വിദ്യാഭ്യാസം, വനിത സഹകരണ സംഘങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ, വിപണന സംസ്കരണ ഉപഭോക്തൃ മേഖലയിലെ സംഘങ്ങൾ, തൊഴിൽ സംഘങ്ങൾ, മറ്റ് പലവക സഹകരണ സംഘങ്ങൾ എന്നിങ്ങനെ പതിനയ്യായിരത്തി എണ്ണൂറ്റി മുപ്പത്തി ഒൻപത് (15,839)-ലധികം സംഘങ്ങൾ കേരളത്തിലെ താഴേത്തട്ടിലുള്ള ജനങ്ങളിലേക്ക് കൃഷി, ബാങ്കിങ്, ആരോഗ്യം, തൊഴിൽ തുടങ്ങി നിരവധി മേഖലകളിൽ നേരിട്ട് സാമ്പത്തിക സാമ്പത്തികേതര സഹായം എത്തിക്കാൻ സഹായിക്കുന്നു.

സംസ്ഥാനത്തെ സാധാരണക്കാരായ പൊതുജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നതിയ്ക്കായി സഹകരണ മേഖല വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വായ്പാ വിതരണത്തിനു പുറമേ വൈവിധ്യമാർന്ന നിരവധി പ്രവർത്തനങ്ങൾ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും മറ്റ് സഹകരണ സംഘങ്ങളും നടത്തിവരുന്നു.

സഹകരണ മേഖലയിൽ സഹകാരികളുടെ വായ്പാ കുടിശ്ശിക, സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി കുറച്ച് സഹകാരികളുടെ വിശ്വാസ്യത ആർജ്ജിക്കുന്നതിനും അതുവഴി സഹകരണ മേഖലയുടെ വികസനം ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന പ്രധാന പദ്ധതിയാണ് ഒറ്റതവണ തീർപ്പാക്കൽ - ആശ്വാസ് 2026.

1. **ആശ്വാസ് 2026 (ഒറ്റത്തവണ തീർപ്പാക്കൽ)**

പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നും വായ്പയെടുത്ത സഹകാരികൾ വിവിധ കാരണങ്ങളാൽ വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തതുമൂലം സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ /ബാങ്കുകളിൽ കുടിശ്ശിക/ നിഷ്ക്രിയ ആസ്തി വർദ്ധിച്ച് വരുന്ന സാഹചര്യമാണ്.

ആയത് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി-ആശ്വാസ് 2026.

ടി പദ്ധതി 2026 ജൂൺ 1 മുതൽ 2026 ഓഗസ്റ്റ് 31 വരെ സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാരുടെ ഭരണ നിയന്ത്രണത്തിലുള്ളതും വായ്പ നൽകുന്നതുമായ എല്ലാ പ്രഥമിക സഹകരണ സംഘങ്ങൾക്കും/ സഹകരണ ബാങ്കുകൾക്കും ഈ പദ്ധതി ബാധകമായിരിക്കും.

വായ്പാക്കാരന്റെ നിലവിലെ സാമ്പത്തിക സാഹചര്യം, തിരിച്ചടവ് ശേഷി എന്നിവ ഭരണസമിതി വിലയിരുത്തി ഉചിതമായ തീരുമാനത്തിലെത്തുകയും വായ്പക്കാരനുമായി തിരിച്ചടവ് സംബന്ധിച്ച് ധാരണയിലാകുകയും, ഇതു പ്രകാരം വായ്പക്കാരന് വായ്പാ തിരിച്ചടവിന് അവസരം നൽകുന്നതുമാണ്.

സഹകരണ മേഖലയുടെ സമഗ്രമായ വികസനത്തിനായി ആസൂത്രണം ചെയ്ത് 2026-27 സാമ്പത്തിക വർഷത്തെ പുതിയ ബഡ്ജറ്റിൽ ചുവടെ പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. **100% ഊർജ്ജ സ്വയംപര്യാപ്ത ഗ്രാമങ്ങൾ**

സഹകരണ സംഘങ്ങൾക്കിടയിൽ സൗരോർജ്ജം സ്വീകരിക്കുന്നത് പ്രോത്സാഹിപ്പിക്കുക, പുനരുപയോഗിക്കാനാവാത്ത ഊർജ്ജ സ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുക, കൂടുതൽ സുസ്ഥിരമായ ഭാവിക്ക് സംഭാവന നൽകുക എന്നിവയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 1000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള സ്വന്തം കെട്ടിടമുള്ള സഹകരണ സംഘങ്ങൾക്ക് നിർബന്ധിത മേൽക്കൂര സോളാർ ഇൻസ്റ്റലേഷനുകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതിയാണിത്.

2. **ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡിനുള്ള ധനസഹായം**

സർക്കാർ നയത്തിന്റെ ഭാഗമായി സഹകരണ മേഖലയിലെ നിക്ഷേപം സംരംക്ഷിക്കുന്നതിനും സഹകരണ സംഘാംഗങ്ങളുടെ വിശ്വാസ്യത നിലനിർത്തുന്നതിനുമായി ഡോപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡിനെ ശക്തിപ്പെടുത്തുന്നതിനുമായി ഡോപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡിന്റെ കോർപ്പസ് ഫണ്ടിലേക്ക് സർക്കാർ ധനസഹായമായി തുക അനുവദിക്കുന്ന പദ്ധതിയാണിത്.

3. **സഹകരണ മേഖലയിൽ PCP മാതൃകയിലുള്ള പ്രോജക്ടുകൾ ആരംഭിക്കുന്നതിന് ധനസഹായം**

പൊതു-സഹകരണ പങ്കാളിത്ത (Public Co-operative Partnership - PCP) പദ്ധതി എന്നത് സർക്കാർ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും ചേർന്ന് പൊതുജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും സാമ്പത്തിക വികസന പ്രവർത്തനങ്ങളും നൽകുന്ന ഒരു വികസന മാതൃകയിൽ പുതിയ പ്രോജക്ടുകൾ ആരംഭിക്കുന്നതിനുള്ള പഠനം നടത്തുന്നതിനും വൈവിദ്ധ്യമാർന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്ന പദ്ധതിയാണിത്.

മേൽ പദ്ധതികളെല്ലാം തന്നെ 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തുന്നതിന് നിർദ്ദേശമുണ്ട്.

കൂടാതെ ചുവടെ പറയുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**റിസ്ക് ഫണ്ട് ബോർഡ് പോർട്ടൽ**

സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്തതിനു ശേഷം മരണപ്പെട്ട വ്യക്തികളുടെ ആശ്രിതർക്കും, ഗുരുതരമായ അസുഖങ്ങൾ ബാധിച്ച അംഗങ്ങൾക്കും സാമ്പത്തിക സഹായം വിതരണം ചെയ്യുന്നതിനുള്ള ഡിജിറ്റൽ സംവിധാനമാണ് Risk Fund Board Portal. ക്ലെയിം സമർപ്പണം, അപേക്ഷ പരിശോധന തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിലൂടെ നടത്താൻ സാധിക്കും.

സഹകരണ സേവന മേഖലയിൽ നടപ്പിലാക്കിയ ചുവടെ പറയുന്ന പദ്ധതി പ്രവർത്തന സജ്ജമാകുന്നതിന്റെ അന്തിമ ഘട്ടത്തിലാണ്.

**മെമ്പർ റിലീഫ് ഫണ്ട് (MRF) പോർട്ടൽ**

സഹകരണ സംഘങ്ങളിലെ അർഹരായ അംഗങ്ങൾക്ക് സാമ്പത്തിക സഹായത്തിനായി അപേക്ഷിക്കാനും അപേക്ഷയുടെ നില പരിശോധിക്കാനും സഹായിക്കുന്ന ഓൺലൈൻ സംവിധാനമാണ് Member Relief Fund Portal.

കൂടാതെ വിവിധ പദ്ധതികൾ ഉൾപ്പെടുത്തി 100 ദിനകർമ്മ പദ്ധതി നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**(ബി)** സഹകരണമേഖലയിലെ അഴിമതിയും സാമ്പത്തികക്രമക്കേടുകളും ഇല്ലാതാക്കാൻ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുമോ; സാമ്പത്തികക്രമക്കേടുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ;

**മറുപടി:** സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ അഴിമതികൾ എന്നിവയിന്മേൽ അന്വേഷണം നടത്തുന്നതിന് സഹകരണ നിയമം വകുപ്പ് 68 (എ) പ്രകാരം സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ കേരള സംസ്ഥാനം മുഴുവൻ അധികാര പരിധിയോടുകൂടി പോലീസ് വകുപ്പിലെ ഡി.ഐ.ജി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ സഹകരണ വിജിലൻസ് ഓഫീസറായി നിയമിച്ചുകൊണ്ട് രൂപീകരിക്കപ്പെട്ടിട്ടുള്ളതാണ് സഹകരണ വിജിലൻസ്. സംസ്ഥാനത്ത് വിജിലൻസ് ഓഫീസറുടെ നിയന്ത്രണത്തിൽ 3 മേഖല ഓഫീസുകൾ ഡെപ്യൂട്ടി സൂപ്രണ്ടന്റിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

കേരള സഹകരണ സംഘം (ഭേദഗതി) നിയമം, 2023-ന്റെ പശ്ചാത്തലത്തിലും സഹകരണ വിജിലൻസിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് കാലോചിതമായ മാറ്റം അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സഹകരണ വിജിലൻസിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പുതുക്കിയ മാർഗ്ഗ നിർദേശങ്ങൾ സഹകരണസംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം വകുപ്പുതല അന്വേഷണം 65, 66, 68 എന്നിവ പൂർത്തിയായി റിപ്പോർട്ട് ലഭ്യമായതിനു ശേഷം വിജിലൻസ് അന്വേഷണം ആവശ്യമായിവരുന്ന കേസുകളിൽ സഹകരണസംഘം രജിസ്ട്രാർക്ക് സഹകരണ വിജിലൻസ് മുഖേന അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സഹകരണ വിജിലൻസ് ഓഫീസർക്ക് കൈമാറുന്ന പരാതികളിൽ 90 ദിവസത്തിനുള്ളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സഹകരണസംഘം രജിസ്ട്രാർക്ക് സമർപ്പിക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാർക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന പരാതി/റിപ്പോർട്ടുകളിൽ അടിയന്തര വിജിലൻസ് അന്വേഷണം ആവശ്യമുണ്ടെന്ന് കാണുന്ന പക്ഷം സഹകരണ വിജിലൻസ് ഓഫീസർക്ക് പരാതി/റിപ്പോർട്ട് കൈമാറുന്നു. സഹകരണ വിജിലൻസ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണസംഘം നിയമം വകുപ്പ് 68(1) പ്രകാരമുള്ള സർചാർജ്ജ് നടപടികൾ കൈക്കൊള്ളുന്നു. സഹകരണ സംഘങ്ങളുടെ പ്രവർത്തനം അഴിമതിരഹിതവും സുതാര്യവുമാണെന്ന് ഉറപ്പാക്കാൻ സഹകരണ വിജിലൻസ് വിംഗിനെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നു വരുകയാണ്.

സഹകരണ സംഘങ്ങളിലെ അഴിമതി, സാമ്പത്തിക ക്രമക്കേടുകൾ, അധികാര ദുരുപയോഗം ഉടങ്ങിയവ സംബന്ധിച്ച പരാതികളിൽ സഹകരണ വിജിലൻസ് അന്വേഷണം നടത്തുന്നതിലേയ്ക്കായി വകുപ്പുതല അന്വേഷണങ്ങളുടെ കണക്കെടുത്തു വരുന്നു. വകുപ്പ് 68(2)

ഉത്തരവുകളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കും മോണിറ്റർ ചെയ്യുന്നതിനുമായി സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ ഒരു പ്രത്യേക സംവിധാനം ഒരുക്കുന്നത് പരിഗണനയിലാണ്.

കൂടാതെ ഇൻസ്പെക്ഷൻ നടപടികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലാ തലത്തിലും താലൂക്ക് തലത്തിലും വിശദമായ പരിശോധന ഇൻസ്പെക്ഷൻ ആപ്ലിക്കേഷനായ CIMA(Co-operative Inspection & Management Application) മുഖേന നടപ്പിലാക്കുന്നതിനും സർച്ചാർജ്ജ് നടപടികൾ മോണിറ്റർ ചെയ്യുന്നതിനും തുടർ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും സംസ്ഥാന തലത്തിൽ സ്പെഷ്യൽ സെൽ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**(സി)** നിക്ഷേപ ഗ്യാരന്റി പദ്ധതിയിൽ പരിഷ്കാരങ്ങൾ കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ; നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വായ്പകളുടെ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുക; വിശദമാക്കാമോ?

**മറുപടി:** സഹകരണ സംഘങ്ങളിലെ എല്ലാ നിക്ഷേപകർക്കും നിക്ഷേപ ഗ്യാരന്റി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്നതാണ് സർക്കാർ നയം. നിക്ഷേപങ്ങൾ കൃത്യസമയത്ത് തിരിച്ചുനൽകാൻ സഹകരണ സംഘങ്ങളെ പ്രാപ്തമാക്കുന്നതിനും, നിക്ഷേപ ഗ്യാരന്റി പദ്ധതിയിൽ മാറ്റങ്ങൾ വരുത്തുന്നതിനും, നിക്ഷേപ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനും, സഹകരണ സ്ഥാപനങ്ങളിൽ പൊതുജനങ്ങൾക്കുള്ള വിശ്വാസം പുനഃസ്ഥാപിക്കുന്നതിനും ഒരു പദ്ധതി നടപ്പിലാക്കുമെന്നതാണ് സർക്കാർ നയം.

1969-ലെ കേരള സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപം തിരികെ നൽകുന്നതിനുള്ള പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി 2018.

ലിക്വിഡേറ്റ് ചെയ്ത സംഘത്തിലെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായിട്ടാണ് തുക നൽകുന്നത്. ലിക്വിഡേഷൻ നടപടികളിലുള്ള ഗ്യാരന്റീഡ് സംഘത്തിലെ നിക്ഷേപകന് നൽകുന്ന ക്ലെയിം തുകയുടെ പരിധി, നിക്ഷേപകൻ വിഹിതം അടയ്ക്കുന്ന പക്ഷം, മുതലിനത്തിൽ പരമാവധി 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി ഭേദഗതി ചെയ്ത് ഉത്തരവായിട്ടുണ്ട്.

സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി 2018 പ്രകാരം ലിക്വിഡേഷനിലായതും ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് സ്കീമിൽ അംഗത്വം ഉള്ളതുമായ ചുവടെ പറയുന്ന സംഘങ്ങളിലെ നിക്ഷേപകർക്ക് 18.02.2026 തീയതി ബോർഡിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്.

1. **കുളനട സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2133 (പത്തനംതിട്ട) 2,21,08,090/- രൂപ**
2. **മുണ്ടക്കയം എസ്റ്റേറ്റ് തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ. കെ 8 (കോട്ടയം) 9,64,250/- രൂപ**

ടി രണ്ട് സംഘങ്ങളിലേയും നിക്ഷേപകർക്ക് മാത്രമാണ് സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി 2018 പ്രകാരം നാളിതുവരെ തുക നൽകിയിട്ടുള്ളത്.

നിലവിൽ 315 കോടിയോളം രൂപ ടി പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ ബാക്കിനിൽപ്പുണ്ട്. നിക്ഷേപകർക്ക് നിക്ഷേപം മടക്കിനൽകുന്ന ആവശ്യത്തിലേയ്ക്കായി നിശ്ചിത തുക ടി സംഘത്തിന് വായ്പയായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി

പദ്ധതി 2018-ന്റെ സ്കീമിൽ ഭേദഗതി വരുത്തിക്കൊണ്ട് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി (ഭേദഗതി) പദ്ധതി 2024 ഭേദഗതി ചെയ്തിട്ടുണ്ട്.

ടി സ്കീമുകളുമായി ബന്ധപ്പെട്ട റെഗുലേഷൻസ് ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഗ്യാരന്റീഡ് തുക പരമാവധി 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള റെഗുലേഷനിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു.

കൂടാതെ വിവിധ കാരണങ്ങളാൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ലിക്വിഡേഷനിലല്ലാത്ത സംഘങ്ങളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്ന വിധത്തിൽ നിക്ഷേപ ഗ്യാരണ്ടി സ്കീമിൽ ആവശ്യമായ ഭോദഗതി കൊണ്ടുവരുന്ന കാര്യവും ആലോചിച്ചുവരുന്നു.

വായ്പകളുടെ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ ബാങ്കുകളിലെ വർദ്ധിച്ചുവരുന്ന കുടിശ്ശിക/നിഷ്ക്രിയ ആസ്തി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആശ്വാസ് 2026 (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി) നടപ്പിലാക്കി വരുന്നു.

ടി പദ്ധതി 2026 ജൂൺ 1 മുതൽ 2026 ഓഗസ്റ്റ് 31 വരെ സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാരുടെ ഭരണ നിയന്ത്രണത്തിലുള്ളതും വായ്പ നൽകുന്നതുമായ എല്ലാ പ്രാഥമിക സഹകരണസംഘങ്ങൾക്കും/ സഹകരണ ബാങ്കുകൾക്കും ഈ പദ്ധതി ബാധകമായിരിക്കും.

**സെക്ഷൻ ഓഫീസർ**